പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1687 02.07.2015 - ൽ മറുപടിയ്ക്ക്

**സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം**

ചോദ്യം

ശ്രീമതി.കെ.കെ.ലതിക

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരധികാരമേറ്റ ശേഷമുള്ള സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ക്ഷേമ പെൻഷനുകൾ പൂർണ്ണമായും കൊടുത്തു തീർക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | ഇല്ല. ഗുണഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധനവു മൂലം ഉണ്ടായ അധികരിച്ച ചെലവ് നിമിത്തമാണ് പെൻഷൻ തുക പൂർണ്ണമായും കൊടുത്തു തീർക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്. |
| (സി) | ഏതെല്ലാം ക്ഷേമപെൻഷനുകളാണ് നിലവിൽ കുടിശ്ശികയായി ഉള്ളതെന്ന് ഇനം തിരിച്ചുള്ള വിവരം തുക സഹിതം വിശദ മാക്കുമോ ; | (സി) | വികലാംഗപെൻഷൻ പദ്ധതിയിൽ ഏകദേശം മൂന്നു മാസത്തേയും വിധവ പെൻഷൻ പദ്ധതിയിൽ ഏകദേശം നാലു മാസത്തേയും ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ ഏകദേശം 6 മാസത്തേയും 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിയിൽ ഏകദേശം മൂന്നുമാസത്തേയും കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്.<br><br>(തുക ലക്ഷത്തിൽ)<br>1. വികലാംഗപെൻഷൻ - 6898.96<br>2. അഗതി (വിധവ) പെൻഷൻ -19776.96<br>3. ദേശീയവാർദ്ധക്യകാല പെൻഷൻ - 45005.47<br>4. 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 1179.66 |
| (ഡി) | സർക്കാരിന്റെ നാലാം വാർഷികം ആഘോഷിച്ച അവസരത്തിൽ കുടിശ്ശിക യായി കിടക്കുന്ന പ്രസ്തുത ക്ഷേമപെൻഷനുകൾ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഫണ്ട് ലഭ്യമാകുന്ന മുറക്ക് കുടിശ്ശിക പെൻഷൻ കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ